(ഇ) ഹോർട്ടികോർപ്പിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഹോർട്ടികോർപ്പിൽ പല ജില്ലകളിലായി എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഹോർട്ടികോർപ്പിൽ ദിവസവേതന ജീവനക്കാരായി 521 ജീവനക്കാർ ജോലി ചെയ്യുന്നു. സർവ്വീസ് കൂടുതലുള്ളതും പ്രായപരിധി കഴിഞ്ഞതുമായ ജീവനക്കാരുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. 10 വർഷത്തിനുമുകളിൽ സർവ്വീസുള്ള 45 ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ഹോർട്ടികോർപ്പ് സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ സ്പെഷ്യൽ റൂൾ നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി.

(സി) ഉണ്ട്. പ്രസ്തുത പരാതി പരിശോധിച്ചുവരികയാണ്.

(ഡി) ഇല്ല. സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഹോർട്ടികോർപ്പിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കിയിട്ടില്ല.

(എഫ്) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ (2013 ജനുവരി മുതൽ 28-2-2015 വരെ) പല ജില്ലകളിലായി 253 പേരെ പുതിയതായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല കൈമാറിയ ഭൂമി

138 (2771) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011 ജൂൺ മാസംമുതൽ 2015 മേയ് മാസംവരെയുള്ള കാലത്ത് കേരള കാർഷിക സർവ്വകലാശാലയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന എത്ര ഭൂമിയാണ് വിവിധ ആവശ്യങ്ങൾക്കായി മറ്റുവകുപ്പുകൾക്കും ഏജൻസികൾക്കുമായി കൈമാറിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേരള കാർഷിക സർവ്വകലാശാലയുടെ 2 ഏക്കർ 3.685 സെന്റ് ഭൂമിയാണ് വിവിധ ഏജൻസികൾക്കായി ഉടമസ്ഥാവകാശം കൈമാറാതെ പാട്ടവ്യവസ്ഥയിൽ 2011 ജൂൺ മാസത്തിനും 2015 മേയ് മാസത്തിനും ഇടയിൽ കൈമാറിയത്. കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആധുനിക മാംസ സംസ്കരണ ഫാക്ടറി

139 (2772) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഫാക്ടറി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(സി) എങ്കിൽ അവ നീക്കി ഫാക്ടറി നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പരിയാരം പഞ്ചായത്തിലെ എം.പി.ഐ. വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ മുന്നോട്ടുപോകുകയാണ്. എന്നാൽ പദ്ധതി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പരിസ്ഥിതിലോലപ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും അനുമതി ലഭിക്കുവാൻ സാധിക്കുകയില്ല എന്നറിയുന്നു. ഈ സ്ഥലം പരിസ്ഥിതിലോലമേഖലയിൽനിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര മന്ത്രി ഉൾപ്പെടെയുള്ളവർക്ക് നേരിട്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പരിഗണിച്ച് ഉടൻ ഉത്തരവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.